# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5217 — 02.07.2013 ൽ മറുപടിയ്ക്ക്

## ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് പലിശരഹിത കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് സഹകരണ ബാങ്കുകൾ വഴി പലിശ രഹിത കാർഷിക വായ്പ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് സഹകരണ ബാങ്കുകൾ വഴി പലിശ രഹിത കാർഷിക വായ്പ അനുവദിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.<br>2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, ഒരു ഹെക്ടറോ അതിന് താഴെയോ ഭൂമിയുള്ള എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത വായ്പ സംസ്ഥാന സർക്കാർ ഉറപ്പാക്കുമെന്നും, കർഷകർ സഹകരണ ബാങ്കുകളിൽ നിന്ന് എടുക്കുന്ന നബാർഡ് റീഫൈനാൻസ് ചെയ്യുന്ന കാർഷിക വായ്പയ്ക്ക് കൊടുക്കേണ്ട പലിശ ഇനി മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്നും അതുമൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സംസ്ഥാന ഗവൺമെന്റ് സഹകരണ ബാങ്കുകൾക്ക് നികത്തി കൊടുക്കുമെന്നും ഇതിലേയ്ക്ക് 30 കോടി രൂപ മാറ്റി വയ്ക്കുന്നുവെന്നും പ്രഖ്യാപിക്കുകയുണ്ടായി. |
| (ബി) വയനാട് ജില്ലയിലെ എത്ര കർഷകർക്കാണ് ഇത്തരത്തിൽ പലിശരഹിത വായ്പ അനുവദിച്ചിരിക്കുന്നത്; ആയതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ? | (ബി) പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ